

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 17. ഇഖ്ബാൽ

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


17 ഇഖ്ബാൽ . . . . . . . . . . . . . . . . . . . . . . . . . . . . . 1

1 കർമ്മമാണ് ജീവിതം . . . . . . . . . 2

2 വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസം . 3

3 വ്യക്തിയും സമൂഹവും . . . . . . . . . . 4

4 സ്നേഹത്തിന്റെ ശക്തി . . . . . . . . . 5

5 മതവും സാമൂഹ്യപരിവർത്തനവും . . . 6

6 ഇസ്ലാമിക നവോത്ഥാനത്തിന്റെ കവി 7

7 വിഭജനത്തിന്റെ വക്താവ് . . . . . . 8

## 17

# ഇഖ്ബാൽ

ആധുനികഭാരതത്തിന്റെ തത്വചിന്താമണ്ഡലത്തിൽ സ്വന്തം വ്യക്തിമുദ്ര പതിച്ച മറ്റൊരു ദാർശനികകവിയാണ് ഷെയ്ഖ് മുഹമ്മദ് ഇഖ്ബാൽ. അദ്ദേഹത്തിന്റെ തത്വചിന്തയ്ക്ക് ടാഗോറിന്റേതുമായി വളരെയധികം സാമ്യമുണ്ട്. മുഖ്യമായ ചില വ്യത്യാസങ്ങളുമുണ്ട്. ഉപനിഷത്തുകളിലെ ആത്മീയവാദമാണ് ടാഗോറിനെ ആകർഷിച്ചതെങ്കിൽ ഖുർ-ആന്റെ അഗാധതയിലെ ഉറവുകളാണ് ഇഖ്ബാലിന്റെ ദാഹം തീർത്തത്. ടാഗോറിന്റെ കവിതകളിൽ കബീർ, ചൈതന്യൻ തുടങ്ങിയ വൈഷ്ണവകവികളുടെ സ്വാധീനം കാണാം. ഇഖ്ബാലിന് റൂമി, ഗാലിബ്, ഹാലി തുടങ്ങിയ കവികളോടാണ് കൂടുതൽ കടപ്പാട്. ഇഖ്ബാലും ടാഗോറും രണ്ടുപേരും സയൻസിന്റെ ആരാധകന്മാരായിരുന്നു. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും സൗന്ദര്യം രണ്ടുപേരെയും ആകർഷിച്ചു. ഐഹികജീവിതത്തിൽ നിന്ന് ഒളിച്ചോടി രക്ഷപെടാനോ ഭൂതകാലത്തിലേക്ക് മടങ്ങിപ്പോകാനോ ശ്രമിക്കുന്നതിനു പകരം ഭാവിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് ഭൂതകാലത്തിന്റെ ആത്മീയാദർശങ്ങളെ ആധുനികയുഗത്തിന് അനുയോജ്യമായ രീതിയിൽ വ്യാഖ്യാനിക്കുകയാണ് രണ്ടുപേരും ചെയ്തത്. പക്ഷേ, ജീവിതസാഹചര്യങ്ങളിലുണ്ടായ വ്യത്യാസങ്ങൾ അവരുടെ കവിതകളിലും പ്രതിഫലിച്ചിട്ടുണ്ടെന്നു കാണാം.

1873-ൽ പഞ്ചാബിലെ സിയാൽക്കോട്ടിൽ ജനിച്ച് ലാഹോറിൽ വിദ്യാഭ്യാസം നേടിയ ഇഖ്ബാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒരു തത്വശാസ്ത്രാദ്ധ്യാപകനായി. വിപ്ലവാശയങ്ങൾ അലയടിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. വിദേശീയ ഭരണത്തിനെതിരായ പ്രക്ഷോഭങ്ങൾ ഇഖ്ബാലിന്റെ യുവഹൃദയത്തെയും ഇളക്കിമറിച്ചു. ഈ കാലഘട്ടത്തിലാണ് അദ്ദേഹം 'തരാനയേഹിന്ദ്' (സാരേജഹാൻസേ അച്ഛാ ഹിന്ദോസ്താൻ ഹമാരാ), 'നയാ ശിവാലാ' (സച്കഹ്ദൂങ് അയ്ബിരഹമൻ ഗർ തു ബുരാ ന മാനേ) തുടങ്ങിയ ദേശാഭിമാനം തുളുമ്പുന്ന കവിതകൾ രചിച്ചത്. ജാതിമതഭേദങ്ങളെ വകവെയ്ക്കാതെ എല്ലാ ഇന്ത്യക്കാരും ബ്രിട്ടീഷ് ഭരണത്തിനെതിരായ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഹിന്ദു–മുസ്ലീം മൈത്രിയായിരുന്നു ഇക്കാലത്ത് അദ്ദേഹത്തിന്റെ കവിതകളിലെ മുഖ്യമായ ഒരു വിഷയം. പള്ളിയുടെയും അമ്പലത്തിന്റെയും പേരിൽ മതപരമായ വിദ്വേഷങ്ങൾ വെച്ചുപുലർത്തുന്നവരെ അദ്ദേഹം ആക്ഷേപിച്ചു. പള്ളിയും അമ്പലവും മണ്ണിൽ നിൽക്കുന്ന കെട്ടിടങ്ങളാണ്; മണ്ണാണ് അടിസ്ഥാനം; അതുകൊണ്ട്, പള്ളിയെക്കാളും അമ്പലത്തെക്കാളും കൂടുതൽ പവിത്രമായി കണക്കാക്കേണ്ടത് ഇന്ത്യയുടെ മണ്ണിനെയാണ്– ഇതാണ് ഒരു കവിതയിലെ ആശയം.

പഠിപ്പ് തുടരാൻ വേണ്ടി 1905-ൽ അദ്ദേഹം യൂറോപ്പിലേക്കുപോയി. കേംബ്രിഡ്ജിൽ വെച്ച് പാശ്ചാത്യദർശനങ്ങളുമായി ഇടപഴകാൻ അദ്ദേഹത്തിന് ധാരാളം സൗകര്യം ലഭിച്ചു. എന്നാൽ, ഇസ്ലാമികദർശനത്തിലും ഇസ്ലാമിക സംസ്കാരത്തിലുമാണ് അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചത്. മ്യൂനിക്കിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം നേടാൻ വേണ്ടി അദ്ദേഹം തയ്യാറാക്കിയ പ്രബന്ധം പേർസ്യൻ സാഹിത്യത്തിലെ നിഗൂഢതാവാദത്തെക്കുറിച്ചുള്ളതായിരുന്നു. 1908-ൽ അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങി. 1938-ൽ മരിക്കുന്നതുവരെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടർന്നു. അതോടൊപ്പം തന്നെ മുസ്ലീങ്ങളെ കൂടുതൽ ഉൽബുദ്ധരാക്കാനുള്ള പരിശ്രമങ്ങളും നടത്തി.

## 1 കർമ്മമാണ് ജീവിതം

യൂറോപ്പിലായിരുന്ന കാലത്ത് മൂന്നു കാര്യങ്ങളാണ് ഇഖ്ബാലിന്റെ ശ്രദ്ധയെ ആകർഷിച്ചത് എന്നു പറയപ്പെടുന്നു. ഒന്നാമത്, ജനങ്ങളുടെ കർമ്മകുശലത; ആലസ്യം കൂടാതെ പ്രവൃത്തിയെടുക്കാനുള്ള സന്നദ്ധത. രണ്ടാമത്, പുരോഗതിക്കാവശ്യമായ അനുകൂലസാഹചര്യങ്ങളും അവസരങ്ങളും. അവസരങ്ങളുപയോഗിച്ചുകൊണ്ട് സദാ കർമ്മനിരതരായി എല്ലാത്തരം പ്രതിബന്ധങ്ങളെയും തട്ടിത്തകർത്തുകൊണ്ടു മുന്നോട്ടുപോകാൻ വെമ്പൽ കൊള്ളുന്ന ജനങ്ങളെയാണ് ഇഖ്ബാൽ യൂറോപ്പിൽ കണ്ടത്. മൂന്നാമത്തേത്, അത്രയധികം ആകർഷകമായി തോന്നിയില്ല: സയൻസിന്റെ വളർച്ചയുടെ ഫലമായി സുഖഭോഗങ്ങളുടെ ഉപാധികൾ ഇന്ത്യക്കാർക്ക് അനുമാനിക്കാൻ പോലും വയ്യാത്തവിധം അത്രയധികം വർദ്ധിച്ചിരിക്കുന്നു; പക്ഷേ, ഹൃദയം വികസിച്ചിട്ടില്ല. അതിന്റെ ഫലമായി വ്യക്തികൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഇടവിടാത്ത മത്സരങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഇന്ത്യ യൂറോപ്പിനെ അനുകരിക്കുന്നത് ആപൽക്കരമായിരിക്കുമെന്ന് ഇഖ്ബാലിനു തോന്നി.

യൂറോപ്പിലുണ്ടായ ഈ അനുഭവങ്ങൾ ഇഖ്ബാലിന്റെ കവിതകളിൽ ധാരാളം പ്രതിഫലിച്ചു. കർമ്മനിരതരാവാനും തടസ്സങ്ങളെ തട്ടിത്തകർത്തുകൊണ്ട് മുന്നേറാനും ജനങ്ങളെ ഉൽബോധിപ്പിക്കുന്ന ഒട്ടനവധി കവിതകൾ അദ്ദേഹം രചിക്കുകയുണ്ടായി. ആപത്തുകളെ ഭയപ്പെടുന്നതാണ് ഏറ്റവും വലിയ പരാജയം. കർമ്മത്തേക്കാൾ മഹത്തായ മറ്റൊരു തത്വശാസ്ത്രമില്ല. കർമ്മമാർഗ്ഗമാണ് ഇസ്ലാമിന്റെ മൗലികതത്വം എന്ന് ഇഖ്ബാൽ അവകാശപ്പെട്ടു. വൈരാഗ്യം, സമാധി, സന്യാസം മുതലായ തത്വങ്ങൾ പിന്നീട് സൂഫികളാണ് പ്രചരിപ്പിച്ചത്. അവ ഇസ്ലാമികതത്വങ്ങൾക്കെതിരാണ്. ലൗകിക പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയും ജീവിതത്തിന്റെ നേരെ നിഷേധാത്മകമായ ഒരു ഭാവം കൈക്കൊള്ളുകയും ചെയ്ത സൂഫികളെ അദ്ദേഹം കഠിനമായി ആക്ഷേപിച്ചു. "നിഗൂഢതാവാദികളായ കവികൾ കർമ്മശേഷിയെ നശിപ്പിച്ചിരിക്കുന്നു" എന്ന് അദ്ദേഹം ആവലാതിപ്പെട്ടു. മനുഷ്യന്റെ അന്തസ്സത്ത ഒരു വ്യാമോഹമല്ലെന്നും അതൊരു യാഥാർത്ഥ്യമാണെന്നുമുള്ള അറിവിനെ ആശ്രയിച്ചാണ് കർമ്മശേഷി നിലകൊള്ളുന്നത്. കർമ്മമാണ് ജീവിതം. കർമ്മരാഹിത്യം മരണമത്രേ. അദ്ദേഹത്തിന്റെ ഒരു കവിതയുടെ സാരാംശം ഇങ്ങനെയാണ്:

"ജീവിതത്തിന്റെ ഓജസ്സ്
　കർമ്മത്തിലടങ്ങിയിരിക്കുന്നു;
സൃഷ്ടിയിൽ ആനന്ദിക്കുക: അതാണ് ജീവിതനിയമം.
എഴുന്നേൽക്കുക, ഒരു പുതുലോകം കെട്ടിപ്പടുക്കുക!
തീജ്വാലകൾകൊണ്ട് നീ നിന്നെത്തന്നെ മൂടുക;
ഒരു അബ്രഹാമാവുക!
നിന്റെ ഉദ്ദേശ്യങ്ങളെ അനുകൂലിക്കാത്ത ഈ
　ലോകത്തിനു
　　വഴങ്ങുന്നത്
യുദ്ധരംഗത്തുവെച്ച് ആയുധം വലിച്ചെറിയലാണ്.
ഉറച്ച സ്വഭാവമുള്ളവനും തന്നെത്താൻ
　കീഴടക്കിയവനുമായ
　　മനുഷ്യൻ
തന്റെ മുമ്പിൽ വിധി മുട്ടുകുത്തുന്നതുകാണും.
ലോകം അവന്റെ ഇഷ്ടത്തിനു വഴങ്ങുന്നില്ലെങ്കിൽ
അവൻ സ്വർഗ്ഗത്തോടു യുദ്ധം വെട്ടാനൊരുമ്പെടും.
പ്രപഞ്ചത്തിന്റെ അസ്ഥിവാരങ്ങളെ അവൻ കിളച്ചു
　മറിക്കും;
എന്നിട്ട് അതിന്റെ അണുക്കളെ ഒരു പുതിയ
　മൂശയിൽ
　　വാർത്തെടുക്കും.
സ്വന്തം ഓജസ്സുകൊണ്ട് അവൻ തന്റെ
　ഹിതാനുവർത്തിയായ
ഒരു പുതിയ ലോകത്തെ സൃഷ്ടിക്കും".

## 2 വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസം

“പ്രപഞ്ചത്തിന്റെ ആത്മാവിൽ വിലയം പ്രാപിക്കലാണ് മനുഷ്യന്റെ അന്തിമലക്ഷ്യവും അവന്റെ മോക്ഷവും” എന്നാണ് സൂഫികൾ ഉൽബോധിപ്പിച്ചിരുന്നത്. ഇഖ്ബാൽ ഈ അഭിപ്രായത്തോടു യോജിച്ചില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, വ്യക്തിവൈശിഷ്ട്യത്തെ വികസിപ്പിക്കാൻ ശ്രമിക്കുന്നവർ ദൈവത്തിൽ ലയിക്കുകയില്ല, ദൈവത്തെ തങ്ങളിൽ ലയിപ്പിക്കുകയാണ് ചെയ്യുക. അവർ തങ്ങളുടെ ഇച്ഛാശക്തിയെ ദൈവത്തിനു സമർപ്പിക്കുകയല്ല, ദൈവത്തിന്റെ ഇച്ഛാശക്തിയെ തങ്ങളുടേതിലേക്ക് ആവാഹിക്കുകയാണ് ചെയ്യുക. ടാഗോറിനെപ്പോലെ തന്നെ ഇഖ്ബാലും വ്യക്തിവൈശിഷ്ട്യത്തെ പരമാവധി വികസിപ്പിക്കുക എന്നതാണ് ഏറ്റവും മഹത്തായ ജീവിതലക്ഷ്യം എന്നു വിശ്വസിച്ചു. ആത്മസ്ഥൈര്യത്തിലൂടെയും വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസത്തിലൂടെയും മാത്രമേ മനുഷ്യന് ശക്തനും സ്വതന്ത്രനുമാകാൻ കഴിയൂ എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഈ ആശയവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം ‘ഖുദി’യെപ്പറ്റിയുള്ള തന്റെ സിദ്ധാന്തം ആവിഷ്ക്കരിച്ചത്. ‘ഖുദി’ എന്ന പദത്തിന് ചില വ്യാഖ്യാതാക്കൾ ആത്മാവ് എന്ന അർത്ഥം കല്പിക്കാറുണ്ട്. എന്നാൽ, ഇഖ്ബാൽ മനുഷ്യന്റെ ആത്മാവിനെയും ശരീരത്തെയും വേറെ വേറെയായിട്ടല്ല, ഒന്നായിട്ടാണ് കണ്ടത്. ആത്മാവിന്റെ ഗുണങ്ങൾ തന്നെയാണ് ശരീരത്തിന്റെ ഗുണങ്ങൾ. ശരീരത്തിന്റെ ഗുണങ്ങളെ ആത്മാവിന്റെ ഗുണങ്ങളിൽ നിന്നു വേർതിരിക്കാൻ കഴിയില്ല. നിർഭയത, അഹംബോധം മുതലായ ഗുണങ്ങളോടുകൂടിയ ഉൽകൃഷ്ടമായ വ്യക്തിവൈശിഷ്ട്യം എന്ന അർത്ഥത്തിലാണ് ഇഖ്ബാൽ ‘ഖുദി’ എന്ന പദം ഉപയോഗിക്കുന്നത്. വ്യക്തിയുടെ അന്തസ്സത്ത അല്ലെങ്കിൽ അഹംബോധമാണത്. തന്റെ സിദ്ധാന്തത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു:

> “ജീവിതത്തെ അംഗീകരിക്കലാണ്, അതിനെ ചവിട്ടിത്തേക്കലല്ല, മനുഷ്യന്റെ ധാർമ്മികവും മതപരവുമായ ആദർശം. ഈ ആദർശം സാക്ഷാൽക്കരിക്കപ്പെടുന്നത് വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസത്തിലൂടെയാണ്. മറ്റുള്ളവരിൽ നിന്ന് അധികമധികം വ്യത്യസ്തനായിക്കൊണ്ട് കൂടുതൽ കൂടുതൽ താനായിത്തീരുന്നതിനാണ് വ്യക്തിവൈശിഷ്ട്യം എന്നുപറയുന്നത്. ഏറ്റവുമധികം വ്യത്യസ്തനായ വ്യക്തി ഈശ്വരനാണ്. അതുകൊണ്ട് മനുഷ്യൻ തന്നിലുള്ള ഈശ്വരീയ ഗുണങ്ങളെ വികസിപ്പിക്കണമെന്ന് ഖുർ-ആൻ ആജ്ഞാപിക്കുന്നു. മനുഷ്യൻ ഈശ്വരനു തുല്യനാവാൻ ശ്രമിക്കുമ്പോഴാണ് അവന്റെ വ്യക്തിവൈശിഷ്ട്യം മറ്റുള്ളവരുടേതിൽ നിന്ന് വ്യത്യസ്തമായിത്തീരുന്നത്. വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസത്തിന്റെ പരമസ്ഥാനമാണ് ഖുദി. ആ സ്ഥാനത്തെത്തുന്ന മനുഷ്യന് തനിക്കു സമനായി താൻ മാത്രമേയുണ്ടാവൂ. ഈശ്വരന്റെ എത്രത്തോളമടുത്തെത്തുന്നുവോ അത്രത്തോളം അവൻ ശ്രേഷ്ഠനും മഹാനുമായിത്തീരുന്നു. ഒടുവിലൊരു ദിവസം അവൻ ഈശ്വരനിൽ ലയിക്കുമെന്നല്ല ഇതിന്നർത്ഥം; നേരെമറിച്ച്, സമയമെത്തിയാൽ അവൻ ഈശ്വരനെ തന്നിൽ ലയിപ്പിക്കുമെന്നാണ്. യഥാർത്ഥ മനുഷ്യനിൽ ഭൗതികപദാർത്ഥം മാത്രമല്ല ഈശ്വരനും അന്തർലയിച്ചു കിടക്കുന്നു”. [1]

പ്രതിബന്ധങ്ങളെ തട്ടിത്തകർത്തുകൊണ്ട് പുരോഗതിയിലേക്കു മുന്നേറാനുള്ള അദമ്യമായ ഇച്ഛയാണ് ജീവിതത്തിന്റെ മുഖ്യമായ ലക്ഷണം എന്ന് ഇഖ്ബാൽ ചൂണ്ടിക്കാണിച്ചു: “എല്ലാറ്റിനെയും ആത്മസാത്ക്കരിച്ചുകൊണ്ട് മുന്നേറലാണ് ജീവിതം”. ഈ പ്രയാണത്തിൽ എല്ലാ തടസ്സങ്ങളും നീക്കം ചെയ്യപ്പെടുന്നു. ജീവിതത്തിന്റെ രണ്ടാമത്തെ ലക്ഷണം “ആഗ്രഹങ്ങളെയും ആദർശങ്ങളെയും തുടർച്ചയായി സൃഷ്ടിച്ചുകൊണ്ടിരിക്കുകയെന്നതാണ്”. ഒരഭിലാഷം സാധിത പ്രായമാകുമ്പോൾ പുതിയൊരഭിലാഷം ജന്മമെടുക്കുന്നു. ഇങ്ങനെ ഒന്നിനുശേഷം മറ്റൊന്നായി സൃഷ്ടിക്കപ്പെടുന്ന ആഗ്രഹാഭിലാഷങ്ങളെ പൂർത്തീകരിച്ചുകൊണ്ടാണ് മനുഷ്യൻ പടിപടിയായി ലക്ഷ്യത്തിലേക്ക് നീങ്ങുന്നത്. “മനുഷ്യന്റെ അഹംബോധം എല്ലാ മാർഗ്ഗതടസ്സങ്ങളെയും നീക്കം ചെയ്തുകൊണ്ട് സ്വാതന്ത്ര്യം പ്രാപിക്കുന്നു. അത് ഭാഗികമായി സ്വതന്ത്രമാണ്, ഭാഗികമായി പരതന്ത്രവും. ഏറ്റവും സ്വതന്ത്രനായ വ്യക്തിയെ—ഈശ്വരനെ—സമീപിക്കുമ്പോൾ അത് പരിപൂർണ്ണസ്വാതന്ത്ര്യം നേടുന്നു”. [2]

---

1. Iqbal: The Secrets of the Self.
2. Ibid.

## 3 വ്യക്തിയും സമൂഹവും

ഇഖ്ബാലിന്റെ അഭിപ്രായത്തിൽ വ്യക്തിവൈശിഷ്ട്യം വികസിക്കുന്നത് ശൂന്യമായ ഏകാന്തതയിലോ തപസ്വിയുടെ ഗുഹയിലോ അല്ല, സമുദായമധ്യത്തിലാണ്. “വ്യക്തി സമൂഹവുമായി ബന്ധിക്കപ്പെടുന്നത് ഒരനുഗ്രഹമാണ്; സമുദായത്തിനുള്ളിലാണ് അവന്റെ മൂല്യം പൂർണ്ണത പ്രാപിക്കുന്നത്” എന്നദ്ദേഹം പറയുന്നു. ബാഹ്യലോകവുമായുള്ള നിരന്തര സമരത്തിലൂടെയാണ് ആന്തരികസത്ത പുഷ്ടിപ്പെടുന്നത്. ഈ പ്രക്രിയയിലൂടെയാണ് വ്യക്തിയുടെ അഹംബോധം കൂടുതൽ കൂടുതൽ സ്വതന്ത്രമാവുകയും പരിപൂർണ്ണസ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ദൈവത്തോടടുക്കുകയും ചെയ്യുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസം ബാഹ്യപ്രപഞ്ചത്തിന്റെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു: “തന്റെ സ്വന്തം ഭാഗധേയത്തിന്റെ ചുറ്റുമുള്ള ലോകത്തിന്റെയെന്നപോലെ മുഴുവൻ പ്രപഞ്ചത്തിന്റെയും അഗാധങ്ങളായ അഭിലാഷങ്ങളിൽ മനുഷ്യൻ പങ്കെടുക്കേണ്ടിയിരിക്കുന്നു. ഇതു ചിലപ്പോൾ പ്രപഞ്ചത്തിന്റെ ശക്തികൾക്ക് സ്വയം വഴങ്ങിക്കൊടുത്തുകൊണ്ടായിരിക്കും; മറ്റു ചിലപ്പോൾ സർവശക്തിയുമുപയോഗിച്ച് പ്രാപഞ്ചികശക്തികളെ സ്വന്തം ലക്ഷ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും യോജിച്ചവിധം രൂപപ്പെടുത്തിക്കൊണ്ടാവും. പുരോഗമനപരമായ ഈ പരിവർത്തനപ്രക്രിയയിൽ, മനുഷ്യൻ മുൻകൈയെടുക്കുകയാണെങ്കിൽ, ഈശ്വരൻ അവന്റെ സഹപ്രവർത്തകനായിത്തീരും. മനുഷ്യർ തങ്ങൾക്കുള്ളിലുള്ളത് മാറ്റിമറിക്കുന്നതുവരെ ഈശ്വരൻ അവരുടെ സാഹചര്യങ്ങളിൽ മാറ്റം വരുത്തുകയില്ല എന്നു തീർച്ചയാണ്”. [3]

അഹംബോധം അല്ലെങ്കിൽ വ്യക്തിവൈശിഷ്ട്യം ആണ് ഇഖ്ബാലിന്റെ തത്വശാസ്ത്രത്തിലെ കേന്ദ്രബിന്ദു. പക്ഷേ, വ്യക്തിവൈശിഷ്ട്യം ബാഹ്യസാഹചര്യങ്ങളിലും വ്യക്തിവൈശിഷ്ട്യത്തിലും സ്വാധീനം ചെലുത്തുന്നു. ഈ കർമ്മപ്രതികർമ്മങ്ങളിലൂടെയാണ് വ്യക്തിയുടെ അന്തസ്സത്ത വികസിക്കുന്നത്.

ഏതെങ്കിലും ദിവ്യശക്തി “മുൻകൂട്ടി നിർണ്ണയിച്ച പരിപാടിയുടെ ഐഹികമായ നിർവഹണമാണ് പ്രപഞ്ചം” എന്നും മറ്റുമുള്ള വാദങ്ങളെ ഇഖ്ബാൽ തിരസ്കരിക്കുന്നു. “സ്വതന്ത്രമായും ക്രിയാത്മകമായും ചലിച്ചുകൊണ്ടിരിക്കുന്ന” ഒന്നാണ് പ്രപഞ്ചം എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അഹംബോധമെന്നപോലെ പ്രപഞ്ചവും നിരന്തരമായ ചലനത്തിനും പരിണാമത്തിനും വിധേയമാണ്. രണ്ടും കർമ്മോന്മുഖമാണ്. പക്ഷേ, പ്രപഞ്ചത്തെക്കുറിച്ചുള്ള ഈ വിശകലനത്തിന് ആത്മീയവാദത്തിന്റെ മൂടുപടമുണ്ട്. എന്തെന്നാൽ, ഇഖ്ബാലിന്റെ പ്രപഞ്ചസങ്കല്പം പരമമായ അഹത്തെപ്പറ്റിയുള്ള സങ്കല്പവുമായി കെട്ടുപിണഞ്ഞിരിക്കുന്നു. “പരമമായ ‘അഹം’ പരിമേയങ്ങളായ എല്ലാ ‘അഹ’ങ്ങളെയും, അവയുടെ അസ്തിത്വത്തെ നിലനിർത്തിക്കൊണ്ടുതന്നെ, തന്നിൽ ഉൾക്കൊള്ളിക്കുന്നു”. പരിപൂർണ്ണത പ്രാപിച്ച വ്യക്തിവൈശിഷ്ട്യത്തിനാണ് ഇഖ്ബാൽ ‘പരമമായ അഹം’ എന്നു പറയുന്നത്. സർവജ്ഞത, സൃഷ്ടിക്കാനുള്ള കഴിവ് മുതലായവയാണ് അതിന്റെ ഗുണങ്ങൾ. വ്യക്തിവൈശിഷ്ട്യം പരിപൂർണ്ണത പ്രാപിക്കുമ്പോൾ പോലും അത് ‘പരമമായ അഹ’ത്തിൽ ചെന്നു ലയിക്കുകയില്ല എന്നും വ്യക്തിത്വം നഷ്ടപ്പെടാതെ നിലനിൽക്കുമെന്നും ഇഖ്ബാൽ വ്യക്തമാക്കുന്നുണ്ട്.

‘പരമമായ അഹം’ തുടങ്ങിയ സങ്കല്പങ്ങളെ മാത്രമല്ല കല, സാഹിത്യം മുതലായവയെയും പരിപൂർണ്ണതയിലേക്കുള്ള വ്യക്തിവൈശിഷ്ട്യത്തിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിലാണ് ഇഖ്ബാൽ പരിശോധിക്കുന്നത്. അദ്ദേഹം എഴുതുന്നു:

> “ജീവിതമാണ് എല്ലാ മാനുഷിക പ്രവർത്തനങ്ങളുടെയും അന്തിമലക്ഷ്യം—ശ്രേഷ്ഠവും സുശക്തവും ആഹ്ലാദമയവുമായ ജീവിതം. എല്ലാ മാനുഷിക കലകളും ഈ അന്തിമലക്ഷ്യത്തിനു വിധേയമായിരിക്കണം. ജീവൻ നൽകാനുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ് അവയുടെ മൂല്യം നിർണ്ണയിക്കപ്പെടേണ്ടത്. നമ്മിലുറങ്ങിക്കിടക്കുന്ന ഇച്ഛാശക്തിയെ ഉണർത്തുകയും ജീവിതത്തിലെ പരീക്ഷണങ്ങളെ പൗരുഷത്തോടെ നേരിടാനാവശ്യമായ മനക്കരുത്തുണ്ടാക്കിത്തരികയും ചെയ്യുന്ന കലയാണ് ഏറ്റവും ഉന്നതമായ കല. മയക്കം പിടിപ്പിക്കുകയും യാതൊന്നിന്റെ മേൽ വിജയം നേടുന്നതിനെയാണോ ജീവിതം ആശ്രയിച്ചിരിക്കുന്നത് ആ യാഥാർത്ഥ്യത്തിന്റെ നേർക്ക് കണ്ണടയ്ക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്ന എല്ലാ കലകളും ക്ഷയത്തിന്റെയും മരണത്തിന്റെയും സന്ദേശങ്ങളാണ്. അവിൻ തിന്നുന്ന ഏർപ്പാട് കലയിൽ പാടില്ല. കല കലയ്ക്കു വേണ്ടി എന്ന സിദ്ധാന്തം നമ്മെ ജീവിതത്തിൽ നിന്നും ശക്തിയിൽ നിന്നും വഴിതെറ്റിച്ചുകൊണ്ടു പോകാനുള്ള അധഃപതനത്തിന്റെ കണ്ടുപിടിത്തമാണ്”.

---

3. Ibid, P. 16.

# 4 സ്നേഹത്തിന്റെ ശക്തി

പരിപൂർണ്ണ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ കലയും സാഹിത്യവും മാത്രമല്ല, സ്നേഹം, ധീരത, സഹനശക്തി, നിയമാനുസൃതമായ സമ്പാദ്യം കൊണ്ടു മാത്രമുള്ള ജീവിതം, സൃഷ്ടിപരങ്ങളായ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ മുതലായ വ്യക്തിപരമായ ഗുണങ്ങളും ആവശ്യമാണ്. ഇവയെല്ലാം വ്യക്തിയുടെ ആന്തരികസത്തയെ പുഷ്ടിപ്പെടുത്താൻ സഹായിക്കുന്ന ഘടകങ്ങളാണെന്ന് ഇഖ്ബാൽ ചൂണ്ടിക്കാണിക്കുന്നു. “സൂര്യനെയും നക്ഷത്രങ്ങളെയും കീഴടക്കാനാഗ്രഹിക്കുന്നവൻ ആദ്യമായി ധർമ്മത്തിന്റെ കല്പനയനുസരിക്കണ”മെന്നും “തന്നെത്താൻ കീഴടക്കാൻ കഴിയാത്തവൻ മറ്റുള്ളവരുടെ അടിമയായിത്തീരു”മെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു. സ്നേഹത്തിനാണ് അദ്ദേഹം ഏറ്റവും വലിയ പ്രാധാന്യം നൽകുന്നത്. കാരണം, പ്രപഞ്ചത്തെ നിലനിർത്തുന്ന ചൈതന്യമാണ് സ്നേഹം. മറ്റു മനുഷ്യരുമായുള്ള സൗഹാർദ്ദബന്ധങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടാണ് വ്യക്തി തന്റെ ആന്തരികസത്തയെ പുഷ്ടിപ്പെടുത്തുന്നത്. വ്യക്തിവൈശിഷ്ട്യത്തെ സാഫല്യത്തിലേക്ക് ഉയർത്തുന്നത് സ്നേഹമാണ്. സ്നേഹം വ്യക്തിവൈശിഷ്ട്യത്തെ ഉറപ്പിക്കുന്നു; അതിന്റെ ശക്തി ലോകത്തെ മുഴുവൻ ഭരിക്കുന്നു”. നിക്കൾസന്നയച്ച ഒരു കത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി: “ഈ വാക്ക് ഞാനുപയോഗിക്കുന്നത് വളരെ വ്യാപകമായ അർത്ഥത്തിലാണ്. മറ്റുള്ളവരെ ആത്മസാത്ക്കരിക്കുക, അല്ലെങ്കിൽ തന്നിൽ ലയിപ്പിക്കുക എന്നതാണിതിന്റെ അർത്ഥം. ആദർശങ്ങളും മൂല്യങ്ങളും സൃഷ്ടിക്കുക, അവയെ സഫലമാക്കാൻ വേണ്ടി പ്രയത്നിക്കുക—ഇതാണ് അതിന്റെ ഏറ്റവും മഹത്തായ രൂപം. സ്നേഹിക്കുന്നവനെയും സ്നേഹിക്കപ്പെടുന്ന ആളെയും അത് വ്യക്തിത്വമുള്ളവരാക്കിമാറ്റുന്നു. രണ്ടുപേരും മറ്റുള്ളവരിൽ നിന്ന് ഭിന്നരായിത്തീരുന്നു. ഏറ്റവും അനന്യമായ വ്യക്തിത്വത്തെ (അതായത് ഈശ്വരനെ) പ്രാപിക്കാൻ ശ്രമിക്കുന്നവന്റെ വ്യക്തിത്വവും അനന്യമായിത്തീരുന്നു”.

സ്നേഹം വ്യക്തിവൈശിഷ്ട്യത്തെ പുഷ്ടിപ്പെടുത്തുക മാത്രമല്ല, സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുക കൂടി ചെയ്യുന്നു എന്ന് ഇഖ്ബാൽ കരുതുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങളാണ് ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്നത്. സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെയാണ് പൂർണ്ണതയുടെ മാർഗ്ഗതടസ്സങ്ങൾ നീക്കം ചെയ്യപ്പെടുന്നത്. തിന്മയും അധർമ്മവുമാണ് ഏറ്റവും വലിയ പ്രതിബന്ധങ്ങൾ. അതുകൊണ്ട് തിന്മയ്ക്കും അധർമ്മത്തിനുമെതിരായ സമരങ്ങൾക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. തിന്മയും അധർമ്മവും പല രൂപങ്ങളും ധരിക്കാറുണ്ട്. കോളണി മേധാവികളും ജന്മികളും മുതലാളികളും നടത്തുന്ന ചൂഷണങ്ങൾ തിന്മകളാണ്. ശക്തൻ അശക്തനെ മർദ്ദിക്കുന്നതു തിന്മയാണ്. ഇത്തരം തിന്മകൾക്കെതിരായി പോരാടാൻ ഇഖ്ബാൽ ഉൽബോധനം ചെയ്യുന്നു. ഒരു കവിതയിൽ അദ്ദേഹം ഇങ്ങനെ എഴുതി:

> “മുതലാളി തൊഴിലാളികളുടെ രക്തധമനികളിൽ നിന്ന് തനിക്കുവേണ്ടി മിഴിവുറ്റ മാണിക്യക്കല്ല് നിർമ്മിക്കുന്നു;
>
> ജന്മിയുടെ മർദ്ദനം ഗ്രാമീണരുടെ വയലുകളെ കൊള്ളയടിച്ചു നശിപ്പിക്കുന്നു;
>
> വിപ്ലവം!”

## 5 മതവും സാമൂഹ്യപരിവർത്തനവും

സാമ്രാജ്യത്വവും സങ്കുചിതദേശീയവാദവും “നമ്മുടെ സ്വർഗ്ഗം കവർന്നെടുക്കു”കയും സാഹോദര്യത്തെ നശിപ്പിക്കുകയും യുദ്ധത്തിന്റെ വിത്തുകൾ വിതയ്ക്കുകയും ചെയ്യുന്നു എന്ന് അദ്ദേഹം തുറന്നുപറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ അദ്ദേഹം യുവാക്കളെ ഉൽബോധിപ്പിച്ചു.

> “സ്വതന്ത്രമനുഷ്യന്റെ രക്തധമനികൾ
> ഇരുമ്പുധമനികൾ പോലെ ഉറപ്പുള്ളവയാണ്;
> പരതന്ത്രന്റേതാകട്ടെ, മുന്തിരിവള്ളികൾപോലെ
> ദുർബലങ്ങളാണ്”.

വീണ്ടും മറ്റൊരു കവിതയിൽ:

> “നിനക്ക് നിന്റെ സ്വന്തം മുന്തിരികളിൽ നിന്ന്
> തെളിഞ്ഞ മുന്തിരിച്ചാറു കുടിക്കണമെങ്കിൽ,
> നിന്റെ ഭൂമിയിൽ നിനക്ക് അധികാരമുണ്ടായേ തീരൂ”.

ഇഖ്ബാലിന്റെ ചില കവിതകളിൽ സോഷ്യലിസ്റ്റാശയങ്ങൾ വ്യക്തമായി പ്രതിഫലിച്ചിട്ടുണ്ടെന്നു കാണാം. “ഞാൻ ഏതെങ്കിലും മുസ്ലീംരാജ്യത്തിന്റെ സർവാധിപതിയായാൽ ആദ്യമായി ചെയ്യുക ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കുകയായിരിക്കും” എന്ന് ഒരിക്കൽ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. നിലവിലുള്ള മർദ്ദനാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയെ മാറ്റിമറിക്കാനുള്ള പ്രയത്നത്തിലൂടെ മാത്രമേ മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യം പുഷ്ടിപ്പെടുകയുള്ളു എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഭൂരിപക്ഷക്കാരായ ജനങ്ങൾ അടിമത്തത്തിലും ചൂഷണത്തിലും കിടന്നു ശ്വാസം മുട്ടുന്ന ഒരു സാഹചര്യത്തിൽ ദുഃഖം കർമ്മഫലമാണെന്ന ന്യായം പറഞ്ഞുകൊണ്ട് ദരിദ്രന്മാരോട് സംതൃപ്തരും നിശ്ചേഷ്ടരുമായിരിക്കാൻ ഉപദേശിക്കുന്ന മതം മനുഷ്യന്റെ പുരോഗതിക്ക് തടസ്സമാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അസംതൃപ്തിയും അസ്വസ്ഥതയുമാണ് പൗരുഷത്തിന്റെ ലക്ഷണങ്ങൾ. എന്തെന്നാൽ, സംതൃപ്തി കർമ്മോന്മുഖതയെ മന്ദീഭവിപ്പിക്കുകയും അങ്ങനെ മനുഷ്യന്റെ അന്തസ്സത്തയെ മരവിപ്പിക്കുകയും ചെയ്യുന്നു.

# 6 ഇസ്ലാമിക നവോത്ഥാനത്തിന്റെ കവി

ഇഖ്ബാൽ പലപ്പോഴും മതഭക്തനായ ഒരു മുസ്ലീമിന്റെ ഭാഷയിലാണ് സംസാരിച്ചത്. മുസ്ലീങ്ങളെ പട്ടിണിയിൽ നിന്നും അജ്ഞതയിൽ നിന്നും മോചിപ്പിക്കുക എന്നതായിരുന്ന അദ്ദേഹത്തിന്റെ ഉദ്ദേശ്യം. പാശ്ചാത്യനാടുകളിലെ ഭൗതികവും സാംസ്കാരികവുമായ പുരോഗതിയും അഭ്ദുതപൂർവ്വങ്ങളായ പരിവർത്തനങ്ങളും ശ്രദ്ധിക്കാൻ അദ്ദേഹം മുസ്ലീങ്ങളോടഭ്യർത്ഥിച്ചു. അദ്ദേഹം എഴുതി:

> “നമ്മൾ നൂറ്റാണ്ടുകളായി ബൗദ്ധികമായ ജാഡ്യത്തിൽ മയങ്ങിക്കിടന്നപ്പോൾ ഇസ്ലാമിന്റെ ദാർശനികന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും അതീവതാല്പര്യമുണ്ടായിരുന്ന അതേ പ്രശ്നങ്ങളെക്കുറിച്ച് യൂറോപ്പ് ഗൗരവമായി ചിന്തിക്കുകയായിരുന്നു. ദൈവശാസ്ത്രത്തെക്കുറിച്ചുള്ള മധ്യകാലത്തെ ചിന്താഗതികൾ മുഴുമിക്കപ്പെട്ടതിനു ശേഷം മനുഷ്യന്റെ ചിന്താമണ്ഡലത്തിലും അനുഭവങ്ങളിലും അളവറ്റ പുരോഗതിയുണ്ടായിട്ടുണ്ട്. മനുഷ്യന്റെ ശക്തി പ്രകൃതിയിലേക്കു വ്യാപിച്ചതോടുകൂടി അവന് തന്റെ ചുറ്റുപാടുകളുടെ ശക്തികളെ കീഴടക്കുന്നതിനെക്കുറിച്ചുള്ള ഒരു പുതിയ ബോധവും ഒരു പുതിയ വിശ്വാസവും കൈവന്നിട്ടുണ്ട്. പുതിയ വീക്ഷണഗതികൾ ഉയർന്നുവന്നിരിക്കുന്നു. പഴയ പ്രശ്നങ്ങൾ പുതിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ പുനഃപരിശോധിക്കപ്പെട്ടിരിക്കുന്നു. പുതിയ പ്രശ്നങ്ങൾ തലപൊക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ ബുദ്ധിശക്തി അതിന്റെ അടിസ്ഥാന ഘടകങ്ങളായ സ്ഥലം, കാലം, കാര്യകാരണബന്ധം എന്നിവയെ കവച്ചു കടന്നിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. ശാസ്ത്രീയചിന്തയുടെ അഭിവൃദ്ധിയുടെ ഫലമായി ഗ്രാഹ്യതയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങൾക്കുപോലും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു”.

പക്ഷേ, ആധുനികമനുഷ്യനെ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള യഥാർത്ഥപരിഹാരം മതമാണെന്ന് ഇഖ്ബാൽ വിശ്വസിച്ചു. മതമെന്നു വെച്ചാൽ ഇസ്ലാംമതമെന്നും. ഇസ്ലാം മതത്തെ മുറുക്കിപ്പിടിച്ചുകൊണ്ടു തന്നെ ആധുനികപരിഷ്ക്കാരങ്ങളെ ഉൾക്കൊള്ളാനും ആധുനികമായ ജീവിതം നയിക്കാനും കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മറ്റൊരുവിധം പറഞ്ഞാൽ, മതത്തെയും വ്യവസായവൽക്കരണത്തിന്റെ ഫലമായി പാശ്ചാത്യരാജ്യങ്ങളിലുണ്ടായ പരിഷ്ക്കാരങ്ങളെയും കൂട്ടിയിണക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം എഴുതി:

> “അനിയന്ത്രിതമായ വ്യക്തിവാദത്തോടുകൂടിയ ആധുനികപാശ്ചാത്യ മുതലാളിത്തത്തെ ഉൾക്കൊള്ളാൻ ഏഷ്യക്ക് സാദ്ധ്യമല്ല. നിങ്ങൾ പ്രതിനിധീകരിക്കുന്ന മതം (അതായത് ഇസ്ലാം) വ്യക്തിയുടെ മൂല്യത്തെ അംഗീകരിക്കുകയും അവന്റെ സർവസ്വവും മനുഷ്യന്റെയും ദൈവത്തിന്റെയും സേവനത്തിനായി നീക്കിവെക്കാൻ അവനെ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ സാദ്ധ്യതകൾ ഇനിയും അവസാനിച്ചിട്ടില്ല. ജാതിയെയോ വർണ്ണത്തെയോ സമ്പാദിക്കപ്പെടുന്ന ഡിവിഡന്റിനെയോ അടിസ്ഥാനപ്പെടുത്തിക്കൊണ്ടല്ല, ജീവിതത്തിന്റെ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, മനുഷ്യന്റെ സാമൂഹ്യപദവി നിർണ്ണയിക്കുന്ന ഒരു പുതിയ ലോകം—ദരിദ്രവർഗ്ഗക്കാർ ധനികവർഗ്ഗക്കാരുടെ മേൽ നികുതി ചുമത്തുന്ന, മനുഷ്യസമുദായം വയറുകളുടെ സമത്വത്തിനു പകരം ചേതനയുടെ സമത്വത്തിന്മേൽ സ്ഥിതിചെയ്യുന്ന, അയിത്തക്കാരന് രാജാവിന്റെ മകളെ വിവാഹം കഴിക്കാവുന്ന സ്വകാര്യസ്വത്തുടമസമ്പ്രദായം ട്രസ്റ്റുകളുടെ രൂപത്തിൽ മാത്രം നിലനിൽക്കുന്ന, യഥാർത്ഥ സ്വത്തുൽപ്പാദകന്റെ മേൽ ആധിപത്യം വഹിക്കാൻ കഴിയത്തക്കവണ്ണം കടന്നുകൂടാൻ മൂലധനത്തെ അനുവദിക്കാത്ത, ഒരു പുതിയലോകം—കെട്ടിപ്പടുക്കാൻ ഇസ്ലാംമതത്തിന് ഇപ്പോഴും കഴിവുണ്ട്. പക്ഷേ, നിങ്ങളുടെ മതത്തിന്റെ ഈ മഹത്തായ ആദർശത്തെ മതപണ്ഡിതന്മാരുടെയും നീതിജ്ഞന്മാരുടെയും മധ്യകാലവ്യാമോഹങ്ങളിൽ നിന്നു മോചിപ്പിക്കേണ്ടതുണ്ട്”. [4]

---

4. Wm. Theodore de Bary: The Sources of Indian Tradition, P. 762.

# 7 വിഭജനത്തിന്റെ വക്താവ്

മുസ്ലീങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നുവെങ്കിലും ഇത്തരം ആശയങ്ങൾ ജാതിമതഭേദങ്ങളുടെ അതിർത്തിവരമ്പുകളെ ഭേദിച്ചുകൊണ്ട് ഇന്ത്യയിലെ ബുദ്ധിജീവികളെ ആകർഷിച്ചു. ഇഖ്ബാൽ ഇന്ത്യയുടെ മഹാകവിയായി വാഴ്ത്തപ്പെടാൻ തുടങ്ങി. എന്നാൽ, ഇരുപതുകളുടെ അവസാനമായപ്പോഴേക്കും ഒരുതരം നിരാശാബോധത്തിന്റെയും നിഷ്ഫലതാബോധത്തിന്റെയും നിഴൽപ്പാടുകൾ അദ്ദേഹത്തിന്റെ വീക്ഷണഗതിയെ സങ്കുചിതമാക്കാൻ തുടങ്ങിയിരുന്നു. 1930-ൽ മുസ്ലീം ലീഗിന്റെ അദ്ധ്യക്ഷനായതിനുശേഷം അദ്ദേഹം സ്പഷ്ടരൂപത്തിൽ തന്നെ ഇസ്ലാമിന്റെ വക്താവായിത്തീർന്നു. കഴിയുന്നേടത്തോളം രാജ്യങ്ങളിൽ ഇസ്ലാമിന്റെ ഭരണം സ്ഥാപിക്കുകയും ഇസ്ലാമിക രാഷ്ട്രങ്ങളെയെല്ലാം ഒരേ ആദർശത്തിന്റെ തണലിൽ യോജിപ്പിക്കുകയും ചെയ്യുക എന്നതായിത്തീർന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹമാണ് മുസ്ലീം ലീഗിന്റെ പാക്കിസ്ഥാൻ വാദത്തിന് ദാർശനികവും ധാർമ്മികവുമായ ഒരടിത്തറ നൽകിയത്. ഇന്ത്യയിലെ വിവിധ മതസമുദായങ്ങൾക്കിടയിൽ രഞ്ജിപ്പും സഹകരണവും വളർത്താനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയേയുള്ളൂ എന്ന് 1930-ൽ അദ്ദേഹം അഭിപ്രായപ്പെട്ടു. അതേ വർഷത്തിലാണ് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായ സിവിൽ നിയമലംഘന പ്രസ്ഥാനമാരംഭിച്ചത്. നിയമലംഘന പ്രസ്ഥാനത്തിൽ ഇഖ്ബാൽ കണ്ടത് “നിരീശ്വരവാദപരമായ ഭൗതികവാദത്തിന്റെ വിത്തുകളാണ്”. അദ്ദേഹം പ്രഖ്യാപിച്ചു: “മനുഷ്യന്റെ വിശ്വാസം, അവന്റെ സംസ്കാരം, അവന്റെ ചരിത്രപരമായ പാരമ്പര്യങ്ങൾ—ഇവയാണ് യഥാർത്ഥത്തിൽ ഗൗരവമർഹിക്കുന്ന കാര്യങ്ങൾ. എന്റെ അഭിപ്രായത്തിൽ ഇവയ്ക്കു വേണ്ടിയാണ് ജീവിക്കുകയും മരിക്കുകയും ചെയ്യേണ്ടത്. അല്ലാതെ മനുഷ്യന്റെ ചൈതന്യം താൽക്കാലികമായി മാത്രം ബന്ധപ്പെടുന്ന ഒരു തുണ്ടു ഭൂമിക്കു വേണ്ടിയല്ല”. മതവിശ്വാസങ്ങളുടെയും സംസ്കാരത്തിന്റെയും കാര്യത്തിൽ മാത്രമല്ല, വംശം, ശരീരഘടന എന്നിവയുടെ കാര്യത്തിൽ പോലും ഹിന്ദുക്കളും മുസ്ലീങ്ങളും വ്യത്യസ്തരാണെന്ന് അദ്ദേഹം വാദിക്കാൻ തുടങ്ങി. 1937 ആയപ്പോഴേക്കും “രാജ്യത്തെ ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ പുനർവിഭജിക്കാത്തേടത്തോളം കാലം ഇന്ത്യയിൽ സമാധാനമുണ്ടാവില്ല” എന്നദ്ദേഹം വിശ്വസിക്കാൻ തുടങ്ങി.

അങ്ങനെ ഒരുകാലത്ത് തന്റെ ദേശാഭിമാനപരങ്ങളായ ഗാനങ്ങൾകൊണ്ട് ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരുപോലെ ആവേശം കൊള്ളിച്ച മഹാകവി ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിനെതിരായിത്തീർന്നു. ഈശ്വരനെ തങ്ങളിൽ വിലയിപ്പിക്കാനും സമൂഹത്തെ മാറ്റിമറിച്ചുകൊണ്ട് വ്യക്തിവൈശിഷ്ട്യത്തെ വളർത്താനും ജനങ്ങളോടാഹ്വാനം ചെയ്ത തത്വജ്ഞാനി ഒടുവിൽ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ശാരീരികഘടനകൾ തമ്മിലുള്ള വ്യത്യാസങ്ങളുടെ കണ്ടുപിടിത്തക്കാരനായി മാറി. ‘സാരേ ജഹാൻസേ അച്ഛാ ഹിന്ദോസ്താൻ ഹമാരാ’ എന്നു പാടിയ കവി ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരിക്കലും യോജിച്ചു ജീവിക്കാൻ കഴിയില്ലെന്ന് വാദിച്ചുകൊണ്ട് ഇന്ത്യയുടെ വിഭജനത്തിനു പ്രചോദനം നൽകി.

എന്നിരിക്കിലും, ഇഖ്ബാലിന്റെ ജീവിതത്തെക്കുറിച്ചും കവിതകളെക്കുറിച്ചും വസ്തുനിഷ്ഠമായ ഒരു പഠനം നടത്തുമ്പോൾ അദ്ദേഹം ഭാരതീയസാഹിത്യത്തിനും ഭാരതീയചിന്തയ്ക്കും നൽകിയ വിലപിടിച്ച സംഭാവനകളും ഇന്ത്യക്കാർക്കിടയിൽ പൊതുവിലും മുസ്ലീങ്ങൾക്കിടയിൽ പ്രത്യേകിച്ചും ദേശാഭിമാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം വഹിച്ച പുരോഗമനപരമായ പങ്കും അവഗണിക്കാനാവില്ല.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014